©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2019 മാർച്ച് 1<br>1st March 2019<br>1194 കുംഭം 17<br>17th Kumbham 1194<br>1940 ഫാൽഗുനം 10<br>10th Phalguna 1940 | നമ്പർ<br>No. 550 |


## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

### വിജ്ഞാപനം

*2019 മാർച്ച് 1*
നമ്പർ 28189/ലെഗ്.എച്ച്1/2018/നിയമം. *തിരുവനന്തപുരം, 1194 കുംഭം 17*
*1940 ഫാൽഗുനം 10.*

2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.
92/768/2019/S-15.

# 2019-ലെ 16-ാം നമ്പർ ഓർഡിനൻസ്

# 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

പീഠിക.—2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2016-ലെ 10-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിന് (2016-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) ഖണ്ഡം (iv)-ൽ "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഖണ്ഡം (vi)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "അഞ്ച് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No. 28189/Leg.H1/2018/Law.

*Dated, Thiruvananthapuram, 1st March, 2019 / 17th Kumbham, 1194 / 10th Phalguna, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund (Amendment) Ordinance, 2019 (16 of 2019).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2019 ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 16 OF 2019

## THE KERALA ANGANAWADI WORKERS' AND ANGANAWADI HELPERS' WELFARE FUND (AMENDMENT) ORDINANCE, 2019

**Promulgated by the Governor of Kerala in the Seventieth Year of the Republic of India.**

*AN*

*ORDINANCE*

***to amend the Kerala Anganawadi Workers' and Anganawadi 'Helpers' Welfare Fund Act, 2016.***

*Preamble.*—WHEREAS, it is expedient to amend the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Act, 2016 (10 of 2016) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Anganawadi Workers' and Anganavadi Helpers' Welfare Fund (Amendment) Ordinance, 2019.

(2) It shall come into force at once.

92/788/19

2. *Act 10 of 2016 to be temporarily amended.*—During the period of operation of this Ordinance, the Kerala Anganawadi Workers' and Anganawadi Helpers' Welfare Fund Act, 2016 (10 of 2016) (hereinafter referred to as the principal Act), shall have effect subject to the amendments, specified in sections 3 and 4.

3. *Amendment of section 10.*—In sub-section (3) section 10 of the principal Act,—

(i) in clause (iv), for the words "Director, Social Justice Department" the words "Director, Women and Child Development Department" shall be substituted;

(ii) in clause (vi), for the words "An officer of the Social Justice Department not below the rank of Additional Director" the words "An officer of the Women and Child Development Department not below the rank of Assistant Director" shall he substituted.

4. *Amendment of section 12.*—In sub-section (1) of section 12 of the principal Act, for the words "five years" the words "three years" shall be substituted.

P. SATHASIVAM,
*GOVERNOR.*